# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1543- 14/07/2016 - ലെ മറുപടിക്ക്

## റബ്ബർ കർഷർക്ക് സബ്സിഡി

**ചോദ്യം** | **ഉത്തരം**

**ശ്രീ.പി.സി.ജോർജ്**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| (എ) | റബർ വില കിലോയ്ക്ക് നൂറ്റിഅമ്പത് രൂപയ്ക്ക് താഴെപ്പോയാൽ കർഷകർക്ക് സബ്സിഡി നൽകുവാനുള്ള പാക്കേജുപ്രകാരം കഴിഞ്ഞ വർഷങ്ങളിൽ മുൻസർക്കാർ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | 2015-16 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 2015-16 ൽ 300 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും വകയിരുത്തിയ മുഴുവൻ തുകയും പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 11.07.2016 വരെ പദ്ധതിയിനത്തിൽ 186.76 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ പ്രയോജനം ലഭിച്ച കർഷകരുടെ എണ്ണവും തുകയും ജില്ല തിരിച്ച് വിശദമാക്കുമോ; | ഈ പദ്ധതി പ്രകാരം 11.07.2016 വരെ സബ്സിഡിയിനത്തിൽ ലഭ്യമാക്കിയ തുകയുടെയും കർഷകരുടെ എണ്ണത്തിന്റെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | കർഷകരുടെ എണ്ണം | സബ്സിഡി തുക (കോടിയിൽ) |
|---|---|---|
| തിരുവനന്തപുരം | 27138 | 25.24 |
| കൊല്ലം | 35589 | 37.15 |
| ആലപ്പുഴ | 0 | 0 |
| പത്തനംതിട്ട | 26861 | 33.15 |
| കോട്ടയം | 38927 | 66.88 |
| ഇടുക്കി | 9252 | 15.56 |
| തൃശ്ശൂർ | 9102 | 17.22 |
| എറണാകുളം | 23173 | 36.69 |
| പാലക്കാട് | 19847 | 40.35 |
| മലപ്പുറം | 23392 | 45.39 |
| കോഴിക്കോട് | 9774 | 16.97 |
| കണ്ണൂർ | 44330 | 80.85 |

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><td>വയനാട്</td><td>0</td><td>0</td></tr>
<tr><td>കാസർഗോഡ്</td><td>15934</td><td>29.77</td></tr>
<tr><td>ആകെ</td><td>283319</td><td>445.22**</td></tr>
</table>
**ആകെ സബ്സിഡിയിനത്തിൽ നൽകിയ 486.76 കോടി രൂപയും ജില്ല തിരിച്ചുള്ള തുകയും തമ്മിലുള്ള അന്തരം വിവിധ ബാങ്കുകളിൽ നിന്നും വിശദാംശങ്ങൾ ലഭ്യമാകുന്നതിലുള്ള കാലതാമസം മൂലമാണ്.
</td>
</tr>
<tr>
<td>(സി)</td>
<td>കർഷകർക്ക് മുടക്കം കൂടാതെ സബ്സിഡി ലഭ്യമാക്കുവാൻ തുടർന്ന് എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?</td>
<td>പ്രസ്തുത പദ്ധതി പ്രകാരം മുടക്കം കൂടാതെ സബ്സിഡി ലഭ്യമാക്കുവാൻ 2016-17 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 11.07.2016 വരെ പദ്ധതിയിനത്തിൽ 186.76 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി സുഗമമായി നടപ്പിലാക്കി വരുകയാണ്.</td>
</tr>
</table>

*അക്കൗണ്ട്സ് ഓഫീസർ*